# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3040 11.12.2014 -ലെ മറുപടിയ്ക്ക്

## വിദൂര വിദ്യാഭ്യാസ സമ്പ്രദായം മുഖേന നേടുന്ന ബിരുദാനന്തര ബിരുദങ്ങൾക്ക് അംഗീകാരം

ചോദ്യം
ശ്രീ. ബെന്നി ബെഹനാൻ :

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സർവ്വകലാശാലകളിൽ നിന്നും വിദൂര വിദ്യാഭ്യാസ സമ്പ്രദായം മുഖേന നേടുന്ന ആർട്സ്, കോമേഴ്സ് ബിരുദാനന്തര ബിരുദങ്ങൾ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുണ്ടോ; | (എ) | സർവ്വകലാശാലകളുടെ അക്കാഡമിക് ബോഡികളാണ് വിദൂര വിദ്യാഭ്യാസം മുഖേന നേടുന്ന ബിരുദാനന്തര ബിരുദങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നത്. സർവ്വകലാശാലകൾ അംഗീകാരം നൽകിയ ബിരുദ, ബിരുദാനന്തര ബിരുദങ്ങൾ എന്നിവ സംബന്ധിച്ച വിവരം സർവ്വകലാശാലകളുടെ വെബ് സൈറ്റിൽ ലഭ്യമാണ്. |
| (ബി) | എങ്കിൽ ഹയർസെക്കണ്ടറി , വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ അധ്യാപക തസ്തികകളിലേക്കുള്ള P.S.C. മുഖേനയുള്ള നിയമനങ്ങൾക്കുള്ള യോഗ്യതയായി ഇവ പരിഗണിക്കുന്നുണ്ടോ; മേൽപ്പറഞ്ഞ യോഗ്യത വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ മാത്രം പരിഗണിക്കുന്നില്ലായെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | ഹയർ സെക്കൻഡറി വകുപ്പിലെ സ്പെഷ്യൽ റൂളിൽ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതകൾ റഗുലർ പഠനത്തിലൂടെ നേടിയിരിക്കണം എന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല . എന്നാൽ ടി നിബന്ധന വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പിലെ സ്പെഷ്യൽ റൂളിൽ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയായി നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ സ്പെഷ്യൽ റൂൾസ് കാലോചിതമായി ഭേദഗതി ചെയ്യാത്തത് മൂലം വിദൂര വിദ്യാഭ്യാസ സമ്പ്രദായം മുഖേന ആർട്സ്, കോമേഴ്സ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ അധ്യാപക /അനധ്യാപക തസ്തികകളിലേക്ക് | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | നടത്തുന്ന പി.എസ്.സിയുടെ നിയമനങ്ങളിൽ നിന്നും അവസരം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ